പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1033

12.12.12ൽ മറുപടിയ്ക്ക്

## ആലപ്പുഴയിലെ സർക്യൂട്ട് ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം.ആരിഫ് | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ആലപ്പുഴയിലെ സർക്യൂട്ട് ടൂറിസം പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് മുൻ സർക്കാരിന്റെ കാലത്ത് അന്നത്തെ ടൂറിസം മന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണൻ നിയമസഭാ സമുച്ചയത്തിൽ വിളിച്ചു ചേർത്ത ആദ്യ യോഗം എന്നായിരുന്നു; ആരൊക്കെ പ്രസ്തുത മീറ്റിംഗിൽ പങ്കെടുത്തു; എന്തൊക്കെ തീരുമാനങ്ങളാണ് കൈക്കൊണ്ടത്; ആലപ്പുഴ സർക്യൂട്ട് ടൂറിസം പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയത് ആരാണ്; | (എ) 12.7.2010 ന് ആയിരുന്നു ആദ്യ യോഗം. താഴെ പറയുന്നവർ പ്രസ്തുത യോഗത്തിൽ പങ്കെടുത്തു.<br>ശ്രീ.കെ.സി.വേണുഗോപാൽ എം.പി.<br>ശ്രീ.എ.എം.ആരിഫ്, എം.എൽ.എ<br>ശ്രീ.പി.തിലോത്തമൻ, എം.എൽ.എ<br>ശ്രീ.എ.എ.ഷുക്കൂർ, എം.എൽ.എ<br>ശ്രീ.ബി.ബാബു പ്രസാദ്, എം.എൽ.എ<br>ശ്രീ.കെ.കെ.ഷാജു,എം.എൽ.എ<br>ഡോ.വേണു, സെക്രട്ടറി, ടൂറിസം വകുപ്പ്<br>ശ്രീ.എം.ശിവശങ്കർ, ഡയറക്ടർ, ടൂറിസം വകുപ്പ്<br>ശ്രീ.കെ.മാധവൻപിള്ളെ, കൺസൾട്ടന്റ് . M/s പിള്ളെ അസോസിയേറ്റ്സ്<br>ശ്രീ.യു.വി.ജോസ്, കൺസൾട്ടന്റ്, ജിറ്റ് പാക്ക് ഇന്റർനാഷണൽ.<br><br>M/s പിള്ളെ അസോസിയേറ്റ്സ്, തിരുവനന്തപുരം ആണ് രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. മീറ്റിംഗിലെ തീരുമാനങ്ങൾ ചുവടെ കൊടുക്കുന്നു:-<br><br>➢ ആലപ്പുഴ ടൂറിസം സർക്യൂട്ട് വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക. |

➢ മാസ്റ്റർ പ്ളാൻ, നിലവിൽ ടൂറിസം മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുകയും തുടർന്നുള്ള ടൂറിസം വികസനത്തിനുള്ള നിർദ്ദേശങ്ങളും മുന്നോട്ടു വയ്ക്കേണ്ടതുമാണ്.

➢ ഇതു സംബന്ധിച്ച പഠനം നാലു മാസത്തിനകം പൂർത്തിയാക്കേണ്ടതാണ്.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം അംഗീകരിച്ച കാക്കാത്തുരുത്ത്, തഴുപ്പ്, അരൂക്കുറ്റി എന്നിവിടങ്ങളിലെ പദ്ധതികൾക്ക് എത്ര രൂപാ വീതമാണ് അനുവദിച്ചത്; അതിന്റെ ഭരണാനുമതി എന്നാണ് ലഭിച്ചത്; പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത് ? | (ബി) | പദ്ധതിയുടെ അന്തിമാനുമതി കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കുന്നതേയുള്ളൂ. കാക്കാത്തുരുത്തിന് 289 ലക്ഷവും തഴുപ്പിന് 141 ലക്ഷം രൂപയും അരൂക്കുറ്റിയ്ക്ക് 221 ലക്ഷം രൂപയുമാണ് പദ്ധതിയിൽ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ